**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2508 12/03/2020-ലെ മറുപടി**

**ഒറ്റപ്പാലം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി. ഉണ്ണി : | | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ ഏതെല്ലാം; ഓരോന്നിലും എത്ര കണക്ഷനുകൾ ഉണ്ട്; ഓരോന്നിന്റെയും ഉറവിടം ഏതെന്ന് വ്യക്തമാക്കാമോ; | (എ) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 8 കുടിവെള്ള പദ്ധതികളിലും കൂടി 23,640 കണക്ഷനുകൾ ഉണ്ട് വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട് . |
| ബി) | അതിരൂക്ഷമായ വേനൽക്കാലങ്ങളിൽ കുടിവെള്ള ഉറവിടത്തിന് വരൾച്ച നേരിടാറുണ്ടോ; ഉണ്ടെങ്കിൽ തടയുന്നതിനായി നിലവിൽ സ്വീകരിച്ചുവരുന്ന മുൻകരുതൽ നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ; | ബി) | നിലവിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ ആവശ്യത്തിന് ജലമുണ്ട് . എന്നാൽ ജലത്തിന്റെ തോത് ഈ സ്രോതസ്സുകളിൽ കുറയുന്ന സാഹചര്യത്തിൽ മലമ്പുഴ ജല സംഭരണി തുറന്ന് ജല ലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. |
| സി) | ഓരോ കുടിവെള്ള പദ്ധതിയും നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ; | സി) | വേനൽ രൂക്ഷമാകുമ്പോൾ ജലത്തിന്റെ ആവശ്യകത വർദ്ധിക്കുന്നതും, സ്വകാര്യ സ്രോതസ്സുകൾ വറ്റുന്നതു കാരണം അതോറിറ്റിയുടെ പദ്ധതികളെ കൂടുതൽ പേർ ആശ്രയിക്കുന്നതും കാരണം ആവശ്യത്തിനനുസരിച്ച് ജലം ലഭ്യമാക്കുവാൻ സാധിക്കാതെ വരുന്നു എന്നതാണ് പ്രധാന പ്രശ്നം . |
| ഡി) | ഓരോ പ്രശ്നവും പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ? | ഡി) | നിലവിലുള്ള പമ്പിംഗ് സമയത്തിൽ വർദ്ധന വരുത്തിയും വാൽവുകൾ ക്രമീകരിച്ചും, പമ്പുകളുടെയും മറ്റു അനുബന്ധ സംവിധാനങ്ങളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുകയാണ്. |

Renuka Sankar

**സെക്ഷൻ ഓഫീസർ**

UnQNo.: 2508

## അനുബന്ധം

## WATER SUPPLY SCHEMES IN OTTAPPALAM CONSTITUENCY

| ക്രമ നമ്പർ | സ്കീം | സ്രോതസ്സ് | ശേഷി MLD | കണക്ഷനുകളുടെ എണ്ണം |
|---|---|---|---|---|
| 1 | UIDSSMT WSS to Ottappalam | Bharathapuzha (Koottilmukku Check Dam) | 13 | 8892 |
| 2 | WSS to Srekrishnapuram & Adjoining Panchayths | Thoothapuzha | 11 | 7765 |
| 3 | WSS to Karimpuzha | Thoothapuzha | 4 | 3482 |
| 4 | RWSS mbalappara & Sump | Bharathapuzha | 1.62 | 2782 |
| 5 | WSS to Akavanda | Akavanda Thodu | 0.21 | |
| 6 | BWSS Murikkumpatta | Bore Well | 0.07 | |
| 7 | BWSS to Nellikkurissi | Bore Well | 0.07 | 174 |
| 8 | RWSS to Thachanattukara | Thoothapuzha | 0.26 | 545 |
| | **Total** | | **30.23** | **23,640** |

Renuka Sankar
സെക്ഷൻ ഓഫീസർ